പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 280 18.2.2013-ൽ മറുപടിയ്ക്ക്

# ക്ഷീരധാര പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ആർ.സെൽവരാജ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ക്ഷീരധാര പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം;വിശദമാക്കമോ; | എ) | കേരളത്തിലെ കറവ പശുക്കളുടെ ഉൽപാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തെ പാലുൽപാദനത്തിൽ ഒരു കുതിപ്പ് ഉണ്ടാക്കുക എന്നതാണ് ക്ഷീരധാര പദ്ധതിയുടെ പ്രധാന ഉദ്ദേശം. തലമുറകൾ കഴിയുമ്പോൾ പശുക്കളിൽ ഉൽപ്പാദനക്കുറവ് കാണുന്നു എന്ന പ്രശ്നത്തിന് പരിഹാരമാണ് ഈ പദ്ധതി. ഒന്നാം ഘട്ടത്തിൽ അത്യുൽപ്പാദന ശേഷിയുള്ള ശുദ്ധജനുസ്സിൽപ്പെട്ട ജഴ്സി, ഹോൾസ്റ്റയിൻ ഫ്രീഷ്യൻ വിത്തുകാളകളെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിവിധ സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നും വാങ്ങി അവയുടെ ബീജം സൗജന്യമായി വിതരണം ചെയ്തു വരുന്നു.<br>ക്ഷീരധാര ഒന്നാം ഘട്ടത്തിന്റെ തുടർച്ചയായി ഉൽപ്പാദന ക്ഷമതകൂടിയ ജനുസ്സുകളുടെ ഇറക്കുമതി ചെയ്ത ബീജം ഉപയോഗിച്ച് മികച്ച പശുക്കുട്ടികളുടെ ഒരു തലമുറയെ സൃഷ്ടിക്കുകയാണ് ക്ഷീരധാര രണ്ടാം ഘട്ടത്തിന്റെ ഉദ്ദേശലക്ഷ്യം. |

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശം അറിയിക്കുമോ; | ബി) | കേന്ദ്ര സർക്കാർ പദ്ധതികളായ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY), നാഷണൽ പ്രോജക്ട് ഫോർ കാറ്റിൽ ആന്റ് ബഫല്ലോ ബ്രീഡിംഗ് (NPCBB) എന്നീ പദ്ധതികളുടെ ഭാഗമായിട്ടാണ് വിത്തുകാളകളേയും, ഇറക്കുമതി ചെയ്ത ബീജമാത്രകളും വാങ്ങിയത്. സംസ്ഥാന സർക്കാർ ഏജൻസികളായ കെ.എൽ.ഡി. ബോർഡും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| സി) | സംസ്ഥാനത്ത് എവിടെയെല്ലാം ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ട് ; | സി) | ക്ഷീരധാര ഒന്നാം ഘട്ടം കേരള മൊട്ടാകെ നടപ്പിലാക്കി വരുന്നു. ക്ഷീരധാര രണ്ടാം ഘട്ടം ഇടുക്കി വയനാട് ജില്ലകളിലെ തെരെഞ്ഞെടുത്ത വെറ്ററിനറി കേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്നു. |
| ഡി) | എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി നൽകിവരുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ? | ഡി) | ക്ഷീരധാര ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 20 മുതൽ 30 ലിറ്റർ വരെ പ്രതിദിന ഉൽപ്പാദന ക്ഷമതയുള്ള ശുദ്ധ ജനുസ്സിൽപ്പെട്ട ഹോൾസ്റ്റയിൻ ഫ്രീഷ്യൻ, ജഴ്സി എന്നീ വിദേശ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജം ക്ഷീര കർഷകർക്ക് സൗജന്യമായി വിതരണം ചെയ് തു വരുന്നു.<br>കെ.എൽ.ഡി.ബോർഡിന്റെ പ്രോജനി ടെസ്റ്റിംഗ് നടത്തിയ പ്രീമിയം ബുൾ സെമനും ക്ഷീരധാര പദ്ധതി വഴി ലഭ്യമാക്കി.<br>ക്ഷീരധാര രണ്ടാം ഘട്ടത്തിൽ വിദേശത്തു നിന്നും ഇറക്കുമതി ചെയ്ത ജഴ്സി, ഹോൾസ്റ്റയിൻ ഫ്രീഷ്യൻ എന്നീ ജനുസ്സുകളുടെ ബീജമാത്രകൾ ഇടുക്കി, വയനാട് |

ജില്ലകളിലെ തെരെഞ്ഞെടുത്ത വെറ്ററിനറി സെന്ററുകൾ വഴി കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തു വരുന്നു.

കേരളത്തിന്റെ തനതു ബ്രീഡായ വെച്ചൂരിന്റെയും, ഭാരത ബ്രീഡുകളായ ഗിർ,സഹിവാൾ, കാങ്കറേജ്, റാത്തി, താർപാർക്കർ തുടങ്ങിയവയുടെയും ബീജം ക്ഷീരധാര രണ്ടാം ഘട്ടം വഴി കേരളമാകെ എല്ലാ മൃഗാശുപത്രികളിലും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

Seela

സെക്ഷൻ ഓഫീസർ